2026
AUGUST
18
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# യുദ്ധവിമാന എൻജിൻ നിർമാണം: റിലയൻസും റോൾസ്റോയ്സും കൈകോർക്കുന്നു

**മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസും ബ്രിട്ടനിലെ പ്രശസ്ത എയ്റോ എൻജിൻ നിർമാതാക്കളായ റോൾസ് റോയ്സും ചേർന്ന് അഡ്വാൻസ്ഡ് മീഡിയം കോംബാറ്റ് എയർക്രാഫ്റ്റ് (എഎംസിഎ) പദ്ധതിക്കായി സ്വദേശീയമായ യുദ്ധവിമാന എൻജിൻ വികസിപ്പിക്കുന്നു. ഇന്ത്യയിൽ എയ്റോ സ്പേസ് ഗ്യാസ് ടർബൈൻ കോംപ്ലക്സ് എന്ന പേരിൽ പ്രത്യേക കേന്ദ്രം രൂപീകരിക്കുന്നതിനെക്കുറിച്ച് ഇരു കമ്പനികളും പരിശോധിക്കുമെന്നും കമ്പനികൾ ഇന്നലെ വ്യക്തമാക്കി.



യുദ്ധവിമാന എൻജിനുകളുടെ രൂപകൽപന, വികസനം, നിർമാണം, പരീക്ഷണം, ഉൽപാദനം, ഉപയോഗ കാലയളവിലെ പരിപാലന പിന്തുണ തുടങ്ങിയവ ഉൾപ്പെടുന്ന പവർ, പ്രൊപ്പൽഷൻ സാങ്കേതികവിദ്യകളുടെ മികവിന്റെ കേന്ദ്രമായിരിക്കും പദ്ധതി ലക്ഷ്യമിടുന്നത്.

## ടോപ് 10 ഇന്ത്യൻ കമ്പനികൾ: അഞ്ചെണ്ണത്തിന്റെ വിപണിമൂല്യത്തിൽ ഒരു ലക്ഷം കോടിയുടെ ഇടിവ്

**മുംബൈ:** കഴിഞ്ഞയാഴ്ച ആഭ്യന്തര ഓഹരിവിപണിയിലുണ്ടായ ഇടിവിനെത്തുടർന്ന് രാജ്യത്തെ ഏറ്റവും മൂല്യമുള്ള 10 കമ്പനികളിൽ അഞ്ചെണ്ണത്തിന്റെ സംയോജിത വിപണി മൂല്യത്തിൽ ഒരു ലക്ഷം കോടി രൂപയുടെ കുറവ്. ഐടി ഭീമന്മാരായ ടിസിഎസിനാണ് ഏറ്റവും വലിയ തിരിച്ചടിയുണ്ടായത്.

കഴിഞ്ഞയാഴ്ച ബിഎസ്ഇ സെൻസെക്സ് 489.92 പോയിൻറും (0.62 %) എൻഎസ്ഇ നിഫ്റ്റി 204.65 പോയിൻറും (0.83 %) ആണ് താഴ്ന്നത്.

റിലയൻസ് ഇൻഡസ്ട്രീസ്, എച്ച്ഡിഎഫ്സി ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ടാറ്റാ കൺസൾട്ടൻസി സർവീസസ്( ടിസിഎസ്) എന്നിവയുടെ വിപണി മൂല്യത്തിൽ ഇടിവുണ്ടായി. എന്നാൽ ആദ്യ പത്തിലുള്ള ഭാരതി എയർടെൽ, ബജാജ് ഫിനാൻസ്, ലാർസൻ ആൻഡ് ടുബ്രോ (എൽ ആൻഡ് ടി), ലൈഫ് ഇൻഷ്വറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ (എൽഐസി), ഹിന്ദുസ്ഥാൻ യൂണിലിവർ എന്നിവ നേട്ടമുണ്ടാക്കി. ഈ കമ്പനികൾ ചേർന്ന് ആകെ 55,149.45 കോടി രൂപയുടെ മൂല്യവർധന നേടി.

ടിസിഎസിൻറെ വിപണി മൂല്യം 34,263.28 കോടി രൂപ കുറഞ്ഞ് 8,53,506.85 കോടിയിലെത്തി. റിലയൻസ് ഇൻഡസ്ട്രീസിൻറെ മൂല്യത്തിൽ 31,869.13 കോടി ഇടിഞ്ഞ് 17,70,056.06 കോടിയായി കുറഞ്ഞു.



# റിഫൈനറികൾക്ക് എൽപിജി ഉത്പാദന തോത് നിശ്ചയിച്ച് സർക്കാർ

**ന്യൂദൽഹി:** പശ്ചിമേഷ്യൻ സംഘർഷങ്ങൾ പാചകവാതക ഇറക്കുമതിയിലെ പ്രതിസന്ധികൾ വ്യക്തമാക്കിയതിനെ തുടർന്ന് ആഭ്യന്തര വിതരണത്തിന് ഒരു കരുതൽ ശേഖരം കെട്ടിപ്പടുക്കുന്നതിനായി സർക്കാർ ചരിത്രത്തിൽ ആദ്യമായി പൊതുസ്വകാര്യ മേഖലയിലെ ഓരോ റിഫൈനറികൾക്കും അപ്സ്ട്രീം കമ്പനികൾക്കും പരമാവധി പാചകവാതക ഉത്പാദന ലക്ഷ്യങ്ങൾ നിശ്ചയിച്ചു നൽകി.

ഓഗസ്റ്റ് 13ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം 21 റിഫൈനറികൾക്കും അപ്സ്ട്രീം കമ്പനികൾക്കും പരമാവധി പാചകവാതക ഉത്പാദന തോത് നിർണയിച്ചു നൽകി. പ്രതിദിനം ആകെ 63,810 ടൺ ഉത്പാദനശേഷിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പാചകവാതക ക്ഷാമമോ വിതരണത്തിൽ തടസങ്ങളോ ഉണ്ടാകുമ്പോഴെല്ലാം ഈ ഉത്പാദന ലക്ഷ്യങ്ങൾ പ്രാബല്യത്തിൽ വരും.

പ്ലാൻ ചെയ്ത ഉത്പാദനത്തിന്റെ പ്രധാന പങ്കും റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പഴയ റിഫൈനറിയിൽ നിന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവർ പ്രതിദിനം 18,000 ടൺ വരെ എൽപിജി ഉത്പാദിപ്പിക്കേണ്ടി വരും.

പൊതുമേഖലാ എണ്ണക്കമ്പനികളുടെ ഉടമസ്ഥതയിലുള്ളതും പ്രവർത്തിപ്പിക്കുന്നതുമായ 18 റിഫൈനറികളോട് പ്രതിദിനം ആകെ 31,470 ടൺ വീതം ഉത്പാദിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

2025-26 സാന്പത്തിക വർഷത്തിൽ ഇന്ത്യ 3.32 കോടി (33.2 മില്യൺ) ടൺ എൽപിജി ഉപയോഗിച്ചു. (പ്രതിദിനം ഏകദേശം 91,000 ടൺ). ഇതിൽ 1.31 കോടി (13.1 മില്യൺ) ടൺ പ്രതിവർഷം പ്രാദേശികമായി ഉത്പാദിപ്പിച്ചപ്പോൾ (പ്രതിദിനം ഏകദേശം 35,900 ടൺ), ബാക്കി വരുന്ന 2.13 കോടി (21.3 മില്യൺ) ടൺ (പ്രതിദിനം ഏകദേശം 58,400 ടൺ) ഇറക്കുമതി ചെയ്യുകയായിരുന്നു.രാജ്യത്തിന്റെ ആവശ്യകതയുടെ 64 ശതമാനത്തിലധികവും ഇറക്കുമതിയെ ആശ്രയിരിക്കുകയായിരുന്നു.

സൗദി അറേബ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്നുള്ള ഇന്ത്യയുടെ ഇറക്കുമതിയുടെ 90 ശതമാനവും കടന്നുപോകുന്ന കടൽപ്പാതയായ ഹോർമുസ് കടലിടുക്ക് ഇറാൻ യുദ്ധത്തെത്തുടർന്ന് അടഞ്ഞുപോയതോടെയാണ് ഈ അമിതാശ്രയത്വം വലിയൊരു പ്രതിസന്ധിയായത്.

പുതിയ നിയമങ്ങൾ അനുസരിച്ച് എൽപിജി സംഭരിക്കാനും വിതരണം ചെയ്യാനും കൊണ്ടുപോകാനുമുള്ള തക്കതായ അടിസ്ഥാന സൗകര്യങ്ങൾ റിഫൈനറികളും അപ്സ്ട്രീം കമ്പനികളും ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ ഉത്പാദനം വർധിപ്പിക്കുന്നതിനായി സാങ്കേതികമായും സാമ്പത്തികമായും സാധ്യമായ എല്ലാ നടപടികളും അവർ കൈക്കൊള്ളുകയും വേണം.

This is an advertisement for information purpose and is not a prospectus announcement.

ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING CRISIL BBB-/ STABLE

ICL Join ICL, Grow with us
ICL Fincorp

UP TO DOUBLE RETURNS IN 72 MONTHS*

*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.

ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE

PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50%* PER ANNUM 60 MONTHS | 11.00%* PER ANNUM 36 MONTHS | 10.50%* PER ANNUM 24 MONTHS | 10.00%* PER ANNUM 13 MONTHS |

*Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 ("Prospectus").
**DISCLAIMER OF THE ISSUER:** ICL Fincorp Limited ("Company"), subject to market conditions, and other considerations, is proposing a public issue of secured redeemable non-convertible debentures ("NCDs") and has filed a prospectus dated July 28, 2026 ("Prospectus") with the Registrar of Companies, Tamil Nadu at Chennai ("RoC"), BSE Limited ("BSE") and Securities and Exchange Board of India ("SEBI"). The Prospectus is available on the website of the Company at www.iclfincorp.com, on the website of BSE at www.bseindia.com, on the website of the lead manager at www.vivro.net and on the website of SEBI at www.sebi.gov.in. Investors proposing to participate in the Issue should invest only on the basis of the information contained in the Prospectus. Investors should note that investment in the NCDs involves a high degree of risk and for details in relation to the same, refer to the Prospectus, including the section titled "Risk Factors" and "Material Developments" beginning on page 17 and 153 respectively of the Prospectus.
**LISTING:** The NCDs offered through the Prospectus are proposed to be listed on BSE Limited ("BSE" or the "Stock Exchange") and BSE shall be the Designated Stock Exchange. Our Company has received an 'in-principle' approval from BSE vide their letter no. DCS/RM/PI-BOND/07/26-27 dated July 28, 2026
**GENERAL RISK:** Investment in non-convertible securities is risky, and investors should not invest any funds in such securities unless they can afford to take the risk attached to such investments. Investors are advised to take an informed decision and to read the risk factors carefully before investing in this offering. For taking an investment decision, the Investors must rely on their own examination of the Issuer and the Issue including the risks involved. Specific attention of the Investors is invited to the chapter titled "Risk Factors" on Page 17 of the Prospectus and "Material Developments" on page 153 of the Prospectus, before making an investment in this Issue. These risks are not, and are not intended to be, a complete list of all risks and considerations relevant to the non-convertible securities or investor's decision to purchase such securities. The Prospectus has not been and will not be approved by any regulatory authority in India, including the Securities and Exchange Board of India ("SEBI"), the Reserve Bank of India ("RBI"), any registrar of companies or any stock exchange in India nor do they guarantee the accuracy or adequacy of the Prospectus.
**DISCLAIMER CLAUSE OF BSE:**:It is to be distinctly understood that the permission given by BSE Limited should not in any way be deemed or construed that the Offer Document has been cleared or approved by BSE Limited nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Draft Offer Document/Offer Document for the full text of the Disclaimer clause of the BSE Limited.
**DISCLAIMER CLAUSE OF USE OF BSE ELECTRONIC PLATFORM**: It is to be distinctly understood that the permission given by the BSE to use their network and software of the Online system should not in any way be deemed or construed as compliance with various statutory requirements approved by the Exchange; not does it in any manner warrant, certify or endorse the correctness or completeness of any of the compliance with the statutory and other requirements; nor does it take any responsibility for the financial or other soundness of this Company, its promoters, its management or any scheme or project of this Company
**DISCLAIMER CLAUSE OF INDUSTRY PROVIDER:** Crisil intelligence, a division of Crisil Limited, provides independent research, consulting, risk solutions, and data & analytics to its clients. Crisil Intelligence operates independently of Crisil's other divisions and subsidiaries, including, Crisil Ratings Limited. Crisil Intelligence's informed insights and opinions on the economy, industry, capital markets and companies drive impactful decisions for clients across diverse sectors and geographies. Crisil Intelligence's strong benchmarking capabilities, granular grasp of sectors, proprietary analytical frameworks and risk management solutions backed by deep understanding of technology integration, makes it the partner of choice for public & private organisations, multi-lateral agencies, investors and governments for over three decades. For the preparation of the report, Crisil Intelligence has relied on third party data and information obtained from sources which in its opinion are considered reliable. Any forward-looking statements contained in the report are based on certain assumptions, which in its opinion are true as on the date of the report and could fluctuate due to changes in factors underlying such assumptions or events that cannot be reasonably foreseen. The report does not consist of any investment advice and nothing contained in the report should be construed as a recommendation to invest/disinvest in any entity. The Industry Report is intended for use only within India. Provided that, the company shall be responsible for ensuring compliances and consequences of non-compliance for use of the report, material & issue documents or any part thereof outside India in relation to the issue.
**NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION:** Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.
**DISCLAIMER CLAUSE OF CRISIL:** Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.
**DISCLAIMER CLAUSE OF RBI:** The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

(please scan this QR code to view the Prospectus)

**Reg. Office:** Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai- 600 083, Tamil Nadu, India.
**Corp. Office:** ICL Fincorp Limited, Main Road, Irinjalakuda, Thrissur-680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

# വിദ്യാർത്ഥികളാണ് രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തി: വി.സി. പ്രൊഫ. (ഡോ.) ഡി മാവൂതു

കോട്ടയം: രാജ്യത്തിന്റെ ഭാവി നിർണയിക്കുന്ന ഏറ്റവും വലിയ ശക്തി വിദ്യാർത്ഥികളാണെന്നും, അറിവും സാങ്കേതികവിദ്യയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കായി വിനിയോഗിക്കാൻ യുവതലമുറയ്ക്ക് സാധിക്കുമെന്നും മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി മാവൂതു പറഞ്ഞു.

80ാമത് സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സർവകലാശാലാ ക്യാമ്പസിൽ ദേശീയപതാക ഉയർത്തിയശേഷം സ്വാതന്ത്ര്യദിന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യം, അവകാശങ്ങൾക്കൊപ്പം ഉത്തരവാദിത്വവും ഓരോ പൗരനിലും നിക്ഷിപ്തമാക്കുന്നു എന്നും, രാജ്യത്തിന്റെ ഐക്യവും ഭരണഘടനാ മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്നതിൽ എല്ലാവരും പ്രതിജ്ഞാബദ്ധരാണെന്നും വി.സി. അഭിപ്രായപ്പെട്ടു.

സാങ്കേതികവിദ്യയെ ഭയപ്പെടാതെ അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം, അതേസമയം സ്വതന്ത്രചിന്ത, അന്വേഷണാത്മകത, സർഗാത്മകത എന്നിവയ്ക്ക് പ്രാധാന്യം നൽകണം. വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ യുവതലമുറയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കണം, അദ്ദേഹം പറഞ്ഞു.

സർവകലാശാലയുടെ ദൗത്യം ബിരുദവും സർട്ടിഫിക്കറ്റുകളും നൽകുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല, സാമൂഹിക ഉത്തരവാദിത്വമുള്ള യുവതലമുറയെ വാർത്തെടുക്കാനും, പഠനഗവേഷണ പ്രവർത്തനങ്ങളിലൂടെ ദേശീയ വികസനത്തിന് കൂടുതൽ ശക്തമായ സംഭാവന നൽകാനും സർവകലാശാലാ സമൂഹത്തിന് കഴിയണമെന്നും വി.സി. പറഞ്ഞു.



സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സെക്യൂരിറ്റി ജീവനക്കാരുടെ പരേഡിൽ വൈസ് ചാൻസലർ അഭിവാദ്യം സ്വീകരിച്ചു.

വന്ദേ മാതരം ആലപിച്ചുകൊണ്ട് തുടങ്ങിയ ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, പ്രൊഫ. (ഡോ.) റോബിനറ്റ് ജേക്കബ്, മിസ്സ്. ആൻ സെബാസ്റ്റ്യൻ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, അധ്യാപകഅനധ്യാപക ജീവനക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.



# ദി ആർട് ഓഫ് സിംഗിംഗ്: വോയ്സ് ട്രെയിനിങ് ശില്പശാലയ്ക്കു തുടക്കം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ (കുസാറ്റ്) യുവജന ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദി ആർട്ട് ഓഫ് സിംഗിംഗ്: ദ്വിദിന വോക്കൽ പെഡഗോഗി ശില്പശാല ആരംഭിച്ചു. ശബ്ദോത്പാദനം, വോക്കൽ മെക്കാനിക്സ്, ശ്വാസനിയന്ത്രണം, വോക്കൽ റേഞ്ച് വികസനം, സ്റ്റേജ് പെർഫോമൻസ്, ദീർഘകാല ശബ്ദസംരക്ഷണം തുടങ്ങിയ മേഖലകളിൽ പ്രശസ്ത വോയ്സ് ട്രെയ്നറും നെറ്റ്ഫ്ലിക്സ് മുൻ മ്യൂസിക് ക്രിയേറ്റീവ് ആൻഡ് പ്രൊഡക്ഷൻ കോഓർഡിനേറ്ററും രണ്ടു തവണ എ. ആർ. റഹ്മാൻ ഫൌണ്ടേഷൻ സ്കോളർഷിപ് ജേതാവും, പ്രശസ്ത വോയ്സ് വിദഗ്ധനുമായ ഡോ. ലിജോ കെ. ജോസാണ് ക്ലാസുകൾ നയിക്കുന്നത്. കൊച്ചി സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് പുറമെ പ്രൊഫഷണൽ ഗായകർ, സംഗീത വിദ്യാർത്ഥികൾ തുടങ്ങിയവർ സീസണുകളിൽ പങ്കെടുക്കുന്നുണ്ട്. ശില്പശാല ഞായറാഴ്ച സമാപിക്കും. യുവജനക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. പി കെ ബേബി ആമുഖ പ്രഭാഷണം നടത്തി.



# കുസാറ്റിൽ റാഗിങ്ങിനെതിരെ ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിങ്ങിന്റെ (കെ.എം.എസ്.എം.ഇ) നേതൃത്വത്തിൽ റാഗിങ്ങിനെതിരെ ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. സുരക്ഷിതവും സൗഹാർദ്ദപരവുമായ ക്യാമ്പസ് അന്തരീക്ഷം ഉറപ്പാക്കുന്നതിനും വിദ്യാർഥികളിൽ റാഗിങ്ങിനെതിരായ അവബോധം വളർത്തുന്നതിനുമായാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ച സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. എം ജുനൈദ് ബുഷിരി, റാഗിങ് നിസ്സാരവത്ക്കരികരതെന്നും ഗുരുതരമായ മനുഷ്യാവകാശ ലംഘനവും കുറ്റകൃത്യവുമാണെന്നും പറഞ്ഞു.

ക്യാമ്പയിന്റെ ഭാഗമായി കെ.എം.എസ്.എം.ഇയിൽ നിന്ന് കുസാറ്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലേക്ക് വിദ്യാർഥികളുടെ നേതൃത്വത്തിൽ റാലി നടത്തി.

'റസിസ്റ്റ് റാഗിങ്' എന്ന സന്ദേശമുയർത്തി മൈം പ്രദർശനവും ക്യാമ്പയിന്റെ ഭാഗമായി നടന്നു. റാഗിങ് ഗുരുതരമായ കുറ്റകൃത്യമാണെന്ന സന്ദേശം വിദ്യാർഥികളിലെത്തിക്കുകയും ഏതുതരത്തിലുള്ള പീഡനങ്ങൾക്കും ഭീഷണികൾക്കുമെതിരെ പ്രതികരിക്കാൻ വിദ്യാർഥികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നതായിരുന്നു പരിപാടി.



# ഡിജിറ്റൽ പഠനത്തിന് കൈത്താങ്ങായി; പോത്തൻകോട് യു.പി.എസ് സ്കൂളിന് ഇനി സ്വന്തം കമ്പ്യൂട്ടർ ലാബ്

**പോത്തൻകോട്:** സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി, ഡിജിറ്റൽ പഠനത്തിന് പുതിയ അവസരമൊരുക്കി പോത്തൻകോട് യു.പി.എസ് സ്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു. മേഡ് ഇൻ സ്പേസ് എന്ന ഐടി കമ്പനിയുടെ CSR പ്രവർത്തനങ്ങളുടെ ഭാഗമായി കമ്പ്യൂട്ടറുകളും ആവശ്യമായ അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുത്തി സമ്പൂർണ കമ്പ്യൂട്ടർ ലാബാണ് സ്കൂളിൽ ഒരുക്കിയത്.

സ്കൂളിലെ വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനത്തിലൂടെയും പ്രായോഗിക പരിശീലനത്തിലൂടെയും സാങ്കേതികവിദ്യയിൽ കൂടുതൽ അറിവും പരിചയവും നേടുന്നതിനുള്ള അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് മേഡ് ഇൻ സ്പേസ് ഈ CSR പ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയത്. വിദ്യാർഥികളുടെ പഠനത്തിന് കൂടുതൽ സഹായകരമാകുന്ന രീതിയിൽ ആവശ്യമായ കമ്പ്യൂട്ടർ സൗകര്യങ്ങൾ ഒരുക്കി ഡിജിറ്റൽ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പുതിയ കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ സജ്ജീകരിച്ച കമ്പ്യൂട്ടർ ലാബ് വിദ്യാർഥികളുടെ പഠനത്തിനായി സ്കൂളിന് സമർപ്പിച്ചു. ഇതോടെ കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തിനും ഡിജിറ്റൽ സാക്ഷരത വളർത്തുന്നതിനും വിദ്യാർഥികൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കും.

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി നടന്ന ചടങ്ങിൽ സ്കൂൾ അധികൃതർ, മേഡ് ഇൻ സ്പേസ് ശങ്കർ ജയൻ, തിരുവനന്തപുരം ക്രൈം ബ്രാഞ്ച് എസ്.ഐ. വിനോദ് വിക്രമാദിത്യൻ, വാർഡ് മെമ്പർ സാജൻ ലാൽ, അധ്യാപകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

വിദ്യാഭ്യാസരംഗത്ത് സാങ്കേതികവിദ്യയുടെ പ്രാധാന്യം വർധിച്ചുവരുന്ന സാഹചര്യത്തിൽ, വിദ്യാർഥികൾക്ക് മികച്ച ഡിജിറ്റൽ പഠനാവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് CSR പ്രവർത്തനത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചതെന്ന് മേഡ് ഇൻ സ്പേസ് പ്രതിനിധികൾ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കലൂർ 220 കെ.വി. സബ് സ്റ്റേഷൻ പ്രതിസന്ധി: അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ടി. ജെ. വിനോദ് എം.എൽ.എ.

**കൊച്ചി:** കൊച്ചി നഗരത്തിന്റെ വൈദ്യുതി വിതരണശൃംഖലയിലെ നിർണായക കണ്ണിയായ കലൂർ 220 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. നിലയിലേക്ക് ചുരുങ്ങിയതിൽ അടിയന്തരമായി ഇടപെടണമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. സണ്ണി ജോസഫിനോട് ടി. ജെ. വിനോദ് എം.എൽ.എ. ആവശ്യപ്പെട്ടു. നഗരത്തിന്റെ വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് താൽക്കാലിക പരിഹാരങ്ങൾക്ക് പകരം ശാശ്വത പരിഹാരം ഉറപ്പാക്കണമെന്നും എം.എൽ.എ. ആവശ്യപ്പെട്ടു.

ബ്രഹ്മപുരം സബ് സ്റ്റേഷനിൽ നിന്ന് കലൂർ 220 കെ.വി. സബ് സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിച്ചിരുന്ന രണ്ട് ഭൂഗർഭ 220 കെ.വി. ഫീഡറുകളും തകരാറിലായതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണം. ഇതോടെ കലൂർ സബ് സ്റ്റേഷൻ നിലവിൽ സമീപ സബ് സ്റ്റേഷനുകളിൽ നിന്നുള്ള 110 കെ.വി. വൈദ്യുതിയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്.

നഗരത്തിന്റെ വൈദ്യുതി വിതരണത്തിൽ കലൂർ സബ് സ്റ്റേഷനുള്ള തന്ത്രപ്രധാനമായ പങ്ക് കണക്കിലെടുക്കുമ്പോൾ ഈ സാഹചര്യം ഗൗരവമായി കാണേണ്ടതുണ്ടെന്ന് ടി. ജെ. വിനോദ് എം.എൽ.എ. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. വ്യാപാരവ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഐ.ടി. സ്ഥാപനങ്ങൾ, വിവിധ അത്യാധുനിക സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം വലിയ തോതിൽ വൈദ്യുതിയെ ആശ്രയിക്കുന്ന കൊച്ചിയിൽ ട്രാൻസ്മിഷൻ ശൃംഖലയുടെ ശേഷി കുറയുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**‘കൊച്ചിയുടെ വൈദ്യുതി സുരക്ഷയിൽ വിട്ടുവീഴ്ച പാടില്ല‘**

ഭൂഗർഭ 220 കെ.വി. കേബിളുകളുടെ തകരാറുകൾ പരിഹരിക്കുന്നതിന് ദീർഘകാലം വേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും സ്പെയർ ഉപകരണങ്ങളുടെ ലഭ്യതക്കുറവും വിദഗ്ധരായ സാങ്കേതിക ജീവനക്കാരുടെ അപര്യാപ്തതയും അറ്റകുറ്റപ്പണികൾ വൈകുന്നതിന് കാരണമാകുന്നുണ്ടെന്നും ടി. ജെ. വിനോദ് എം.എൽ.എ. ചൂണ്ടിക്കാട്ടി. ‘വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തരമായി ഇടപെടണം. കലൂർ സബ് സ്റ്റേഷൻ 220 കെ.വി. ശേഷിയിൽ തന്നെ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണം. കൊച്ചി നഗരത്തിന്റെ ഭാവി വൈദ്യുതി ആവശ്യകത കൂടി കണക്കിലെടുത്തുള്ള ശാശ്വത പരിഹാരമാണ് വേണ്ടത്,‘ എന്ന് ടി. ജെ. വിനോദ് എം.എൽ.എ. പറഞ്ഞു.

കൊച്ചി നഗരത്തിലെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കുന്ന ഖനനം, പൈലിംഗ്, റോഡ് കട്ടിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഭൂഗർഭ വൈദ്യുതി കേബിളുകൾക്ക് കേടുപാടുകൾ വരുത്തുന്നതിനുള്ള സാധ്യത വർധിപ്പിക്കുന്നതായി എം.എൽ.എ. ചൂണ്ടിക്കാട്ടി.

മെട്രോ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ആവശ്യമായ കൃത്യമായ ഗൈഡൻസിന്റെയും ഏകോപനത്തിന്റെയും അഭാവം മൂലം കേബിൾ മുറിഞ്ഞ സംഭവവും ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവം നിലവിലുള്ള നിബന്ധനകളുടെ പരിധിയിൽ ഉൾപ്പെടാത്ത സാഹചര്യമായതിനാൽ, ഭാവിയിൽ സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കെ.എസ്.ഇ.ബി.യും മെട്രോ ഉൾപ്പെടെയുള്ള നിർമാണ ഏജൻസികളും തമ്മിലുള്ള ഏകോപനം കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്നും ടി. ജെ. വിനോദ് എം.എൽ.എ. ആവശ്യപ്പെട്ടു.

ബ്രഹ്മപുരം മുതൽ കലൂർ സബ് സ്റ്റേഷൻ വരെയുള്ള വൈദ്യുതി വിതരണ സംവിധാനത്തിന്റെ വലുപ്പവും നിക്ഷേപവും കണക്കിലെടുത്ത് ഇതിന്റെ സുരക്ഷ ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി. ബ്രഹ്മപുരം വരെ ഏകദേശം 3.5 കി.മീ. ഓവർ ഹെഡ് കേബിൾ സ്ഥാപിച്ചതിന് ശേഷം നഗരത്തിലൂടെ ഏകദേശം 6.5 കി.മീ. അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിച്ചാണ് സബ് സ്റ്റേഷനുമായി ബന്ധിപ്പിച്ചിട്ടുള്ളത്. 2020ൽ പൂർത്തീകരിച്ച ഈ പദ്ധതിക്ക് ഏകദേശം ?66 കോടി ചെലവഴിച്ചിട്ടുണ്ട്. ഇത്രയും വലിയ നിക്ഷേപം നടത്തിയ വൈദ്യുതി വിതരണ സംവിധാനത്തിന്റെ സുരക്ഷയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

**കളമശേരി-ഇടപ്പള്ളി-കലൂർ ലൈൻ 220 കെ.വി.യായി നവീകരിക്കണം**

നിലവിലെ പ്രതിസന്ധിക്ക് ഏറ്റവും ഫലപ്രദമായ ദീർഘകാല പരിഹാരങ്ങളിലൊന്നായി കളമശേരി-ഇടപ്പള്ളി-കലൂർ 110 കെ.വി. ഓവർഹെഡ് ലൈൻ മൾട്ടി സർക്യൂട്ട് 220/110 കെ.വി. ലൈനായി നവീകരിക്കുന്ന പദ്ധതി അടിയന്തരമായി പരിഗണിക്കണമെന്നും ടി. ജെ. വിനോദ് എം.എൽ.എ. ആവശ്യപ്പെട്ടു.

കാലങ്ങളായി മുന്നോട്ടുവയ്ക്കുന്ന ഈ നിർദ്ദേശം നടപ്പാക്കിയാൽ കലൂർ സബ് സ്റ്റേഷനിലേക്ക് ബദൽ മാർഗത്തിലൂടെ 220 കെ.വി. വൈദ്യുതി എത്തിക്കുന്നതിനും നഗരത്തിന്റെ ട്രാൻസ്മിഷൻ ശൃംഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാധിക്കും. ഭൂഗർഭ കേബിളുകളിലെ തകരാറുകൾ മൂലം നഗരമാകെ വൈദ്യുതി പ്രതിസന്ധിയിലാകുന്ന സാഹചര്യം ഒഴിവാക്കാനും ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

‘ഒരു കേബിൾ തകരാറിലായാൽ നഗരത്തിന്റെ വൈദ്യുതി വിതരണ സംവിധാനം തന്നെ സമ്മർദ്ദത്തിലാകുന്ന അവസ്ഥ തുടരാൻ പാടില്ല. ബദൽ ട്രാൻസ്മിഷൻ സംവിധാനം ശക്തിപ്പെടുത്തണം. കളമശേരി-ഇടപ്പള്ളി-കലൂർ ലൈൻ നവീകരണം ഇക്കാര്യത്തിൽ മുൻഗണന നൽകേണ്ട പദ്ധതിയാണ്,‘ ടി. ജെ. വിനോദ് എം.എൽ.എ. വ്യക്തമാക്കി.

**നിർമാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണം വേണം**

കൊച്ചി നഗരത്തിൽ വിവിധ വികസന പദ്ധതികളുടെ ഭാഗമായി റോഡ് കട്ടിംഗ്, ഖനനം, പൈലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ വ്യാപകമായി നടക്കുന്നതിനാൽ ഭൂഗർഭ വൈദ്യുതി കേബിളുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് ഒഴിവാക്കാൻ ശക്തമായ ഏകോപനം വേണമെന്നും എം.എൽ.എ. ആവശ്യപ്പെട്ടു.

ഭൂഗർഭ കേബിളുകളുടെ കൃത്യമായ ഡിജിറ്റൽ മാപ്പിംഗ് പൂർത്തിയാക്കി നിർമാണ ഏജൻസികൾക്ക് ലഭ്യമാക്കണം. കേബിളുകൾ കടന്നുപോകുന്ന പ്രദേശങ്ങളിൽ ഖനനം, പൈലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിന് മുമ്പ് കർശനമായ സുരക്ഷാ പരിശോധന നിർബന്ധമാക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

കേബിൾ തകരാറുകൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങളും അടിയന്തര അറ്റകുറ്റപ്പണികൾക്കായി പ്രത്യേക സാങ്കേതിക സംഘവും ഒരുക്കേണ്ടതുണ്ട്. സ്പെയർ കേബിളുകളും അനുബന്ധ ഉപകരണങ്ങളും ആവശ്യമായ അളവിൽ മുൻകൂട്ടി സംഭരിക്കുന്നതിനും നടപടി വേണമെന്നും ടി. ജെ. വിനോദ് എം.എൽ.എ. ആവശ്യപ്പെട്ടു.

# ഐ.സി.സി.കെ വാർഷിക സമ്മേളനം ആരംഭിച്ചു

**തിരുവനന്തപുരം:** കാൽസ്യം അടിഞ്ഞുകൂടിയതും പൂർണമായി അടഞ്ഞതുമായ ഹൃദയധമനികളുടെ ചികിത്സയ്ക്ക് പുതിയ സാധ്യതകൾ തുറക്കുന്ന നൂതന ഇമേജിങ് സംവിധാനങ്ങളും ചികിത്സാ സാങ്കേതിക വിദ്യകളും ചർച്ച ചെയ്ത് ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരളയുടെ (ഐ.സി.സി.കെ) വാർഷിക സമ്മേളനം തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ ആരംഭിച്ചു.

ഐ.സി.സി.കെ പ്രസിഡന്റ് ഡോ. ശിവപ്രസാദ് കെ. സമ്മേളനം ഉദ്ഘാടനം ചെയ്തു. സയന്റിഫിക് കമ്മറ്റി ചെയർമാൻ ഡോ. രാജേഷ് ടി, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. പ്രവീൺ എസ്.വി; ഐ.സി.സി.കെ സെക്രട്ടറി ഡോ. ലൂയി ഫിഷർ, ട്രഷറർ ഡോ. അരുൺ ഗോപി എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

രോഗിയുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകി സങ്കീർണ ഹൃദയധമനി രോഗങ്ങൾ കൂടുതൽ കൃത്യതയോടെ ചികിത്സിക്കാനുള്ള സാധ്യതകളാണ് ഇന്റർവെൻഷണൽ കാർഡിയോളജി തുറക്കുന്നതെന്ന് ഡോ. ശിവപ്രസാദ് കെ. പറഞ്ഞു. പരമ്പരാഗത ആൻജിയോഗ്രാമിൽ ലഭിക്കുന്ന വിവരങ്ങൾക്കപ്പുറം ഹൃദയധമനിയുടെ ഉൾവശം വിശദമായി വിലയിരുത്താൻ കഴിയുന്നതാണ് ആധുനിക ആൻജിയോപ്ലാസ്റ്റിയിലെ പ്രധാന മാറ്റങ്ങളിലൊന്നെന്ന് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. പ്രവീൺ എസ്.വി പറഞ്ഞു.

ടോമോഗ്രഫി, ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട് തുടങ്ങിയ ഇമേജിങ് സാങ്കേതിക വിദ്യകൾ ആൻജിയോഗ്രാമിൽ വ്യക്തമായി കാണാത്ത തടസ്സങ്ങളുടെ സ്വഭാവം പോലും തിരിച്ചറിയാൻ സഹായിക്കും. കാൽസ്യം അടിഞ്ഞുകൂടിയതിന്റെ സ്വഭാവവും വ്യാപ്തിയും കൃത്യമായി വിലയിരുത്താനും അനുയോജ്യമായ ചികിത്സ തിരഞ്ഞെടുക്കാനും സ്റ്റെന്റ് കൃത്യമായി സ്ഥാപിക്കാനും വികസിപ്പിക്കാനും ഇതു വഴി സാധിക്കും,’ അദ്ദേഹം പറഞ്ഞു.

ഇമേജിങ് സാങ്കേതിക വിദ്യകൾക്ക് സമ്മേളനം പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ഒ.സി.ടി, ഐ.വി.യു.എസ് സഹായത്തോടെയുള്ള ആൻജിയോപ്ലാസ്റ്റി, വിവിധ ഇമേജിങ് സംവിധാനങ്ങൾ സംയോജിപ്പിച്ചുള്ള പരിശോധന എന്നിവ പ്രത്യേക ശാസ്ത്ര സെഷനുകൾ ചർച്ച ചെയ്യും. ധമനിക്കുള്ളിലെ കൊഴുപ്പടിഞ്ഞ പാളികളിലെ തകരാറുകളും വ്യക്തതയില്ലാത്ത ബ്ലോക്കുകളും ചികിത്സയ്ക്കു മുൻപ് കൃത്യമായി തിരിച്ചറിയുന്ന ഇമേജിങ്ങ് വിദ്യകളും വിദഗ്ധർ വിലയിരുത്തും.

കട്ടിയേറിയ കാൽസ്യം കാരണം ബലൂൺ വികസിപ്പിക്കാനും സ്റ്റെന്റ് ശരിയായി സ്ഥാപിക്കാനും കഴിയാതെ വരുന്ന സാഹചര്യങ്ങൾ നേരിടാനുള്ള ഇൻട്രാവാസ്കുലർ ലിത്തോട്രിപ്സി, അതെറെക്ടമി, കട്ടിങ് ബലൂൺ, ലേസർ ആൻജിയോപ്ലാസ്റ്റി തുടങ്ങിയ സാങ്കേതിക വിദ്യകളും സമ്മേളനം ചർച്ച ചെയ്യുന്നുണ്ടെന്ന് ഡോ. പ്രവീൺ എസ്.വി പറഞ്ഞു.

ഹൃദയപേശിയുടെ വലിയൊരു ഭാഗത്തേക്ക് രക്തമെത്തിക്കുന്ന പ്രധാന ഹൃദയധമനിയായ ലെഫ്റ്റ് മെയിൻ കൊറോണറി ആർട്ടറിയിലെ സങ്കീർണ തടസ്സങ്ങളുടെ ചികിത്സയും സമ്മേളനത്തിൽ പ്രത്യേകമായി ചർച്ച ചെയ്യുന്നുണ്ട്. ഹൃദയസ്തംഭനത്തിനു ശേഷമുള്ള ഇടപെടലുകൾ, ധമനിയുടെ ഭിത്തിയിൽ സ്വാഭാവികമായി വിള്ളലുണ്ടാകുന്ന അവസ്ഥ തുടങ്ങിയവയും ശാസ്ത്ര സെഷനുകളുടെ ഭാഗമാണ്. ആദ്യ ചികിത്സാരീതി വിജയിക്കാത്ത സാഹചര്യങ്ങളിൽ മറ്റൊരു വഴിയിലൂടെ തടസ്സം നീക്കം ചെയ്യുന്ന രീതികളും അടിയന്തരമായി സ്വീകരിക്കാവുന്ന തുടർ ചികിത്സാ മാർഗങ്ങളും വിദഗ്ധർ അവതരിപ്പിക്കും.



# കൂടുതൽ ആയുസ്സ്, കൊളസ്ട്രോൾ നിയന്ത്രിക്കും, പ്രചാരമേറി കാന്താരി

കൊളസ്ട്രോൾ നിയന്ത്രിക്കാൻ കഴിവുണ്ട് എന്ന പ്രചാരണത്തിന് ബലമേറിയതോടെ കാന്താരിയുടെ ഡിമാൻഡ് അടുത്ത കാലത്തായി ഏറി വരുന്നുണ്ട്. ഒരു സമയത്ത് രക്തം വെള്ളമാക്കുന്ന സ്വഭാവം കാന്താരിക്കുണ്ട് എന്ന ചൊല്ലിന്റെ പ്രചരണം കാന്താരിയുടെ ഉപയോഗത്തിൽ കുറവ് വരുത്തിയിരുന്നു.

ഏതാനും വർഷം മുൻപു വരെ കാന്താരിയുടെ വിത്തുകൾ പക്ഷികൾ വഴി പറമ്പിൽ വീണ് സ്വാഭാവികമായി കിളിർത്ത് വളരുകയായിരുന്നു. എന്നാൽ യന്ത്രസഹായത്താലുള്ള കളനിയന്ത്രണവും കളനാശിനി പ്രയോഗവും മേൽവിവരിച്ച തരത്തിൽ വളർന്നു വരുന്ന കാന്താരി തൈകളുടെ നാശത്തിനടയാക്കി. കാന്താരി വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കുവാൻ തുടങ്ങിയതോടെ വിത്തിന്റെയും തൈകളുടെയും ആവശ്യം വർധിക്കുകയും ചെയ്തു. ഇന്ന് പച്ചക്കറിത്തൈകൾ തയാറാക്കുന്ന നേഴ്സറികളിൽ പച്ച, വെള്ള, വയലറ്റ് നിറത്തിലുള്ള കാന്താരികൾ ഉണ്ടാകുന്ന തൈകൾ ലഭ്യമാണ്.

സാധാരണ പച്ചമുളകിനേക്കാൾ 1–2 വർഷം വരെ കൂടുതൽ ആയുസ്സ് കാന്താരിക്കുണ്ട്. ആവശ്യത്തിനു മാത്രമുള്ള ശുശ്രൂഷ ലഭിച്ചാൽ കാന്താരി 4 വർഷം വരെ വളരുകയും വിളവ് നൽകുന്നതായും കണ്ടിട്ടുണ്ട്. മറ്റു സാധാരണ ഇനങ്ങളുടെ കായകൾ താഴേക്കു വളരുമ്പോൾ കാന്താരിയുടേത് ചെടിയിൽനിന്ന് മുകളിലേക്കാണു വളരുന്നത്.

കാന്താരി ഒരു ബഹുവർഷ വിളയാണ്. പച്ചമുളകിന്റെ ചെടികളെ ആക്രമിക്കുന്ന വെള്ളീച്ച, മണ്ഡരികൾ, ഇലപ്പേനുകൾ, ശൽക്കകീടങ്ങൾ ഇവയുടെ ആക്രമണം കാന്താരിയിലും ഉണ്ടാകുന്നുണ്ട്. ഇവയുടെ നിയന്ത്രണത്തിനും കാന്താരി വിളവെടുപ്പിനും ബഹുവർഷവിളയായി വളരുന്നതിനാലും കാന്താരിച്ചെടികൾ തമ്മിൽ കുറഞ്ഞത് 70 സെ.മീ. എങ്കിലും അകലം ഉണ്ടാകുന്നതും വരികൾ തമ്മിൽ 1.5 മീറ്റർ ദൂരം ഉണ്ടാകുന്നതുമാണ് ഏറ്റവും അനുയോജ്യമായി അനുഭവപ്പെട്ടത്.

പച്ചക്കാന്താരി ആയും പഴുത്ത അവസ്ഥയിലും കാന്താരി മുളക് വിളവെടുക്കാം. വിളവെടുപ്പാണ് കാന്താരിക്കൃഷിയുടെ ഏറ്റവും വലിയ വെല്ലുവിളി. വളരെ ചെറിയ മുളകായതിനാൽ വിളവെടുക്കാൻ സമയനഷ്ടം ഏറെയാണ്. വിളവെടുപ്പിനു ചെടികളുടെ ഇടയിൽ മുറം വച്ചതിനുശേഷം അതിലേക്ക് മുളകുകൾ ഒരു സ്പ്രിംഗ് ഘടിപ്പിച്ചിട്ടുള്ള സിക്കേച്ചർ (കത്രിക) ഉപയോഗിച്ച് മുറിച്ച് ഇടുന്നതാണ് ഏറ്റവും എളുപ്പം. വിളവെടുപ്പ് സമയത്ത് ഒരു പൊക്കം കുറഞ്ഞ സ്റ്റൂളിൽ (25 സെ.മീ 30 സെ.മീ) ഇരുന്ന് ചെയ്യുന്നത് പുറംവേദന ഉണ്ടാകാതിരിക്കുന്നതിനു സഹായിക്കും.

കാന്താരിയെ ആക്രമിക്കുന്ന വെള്ളീച്ചകളെ മഞ്ഞക്കെണി ഉപയോഗിച്ച് കെണിയിൽപ്പെടുത്തി നിയന്ത്രിക്കാം. ഇലപ്പേനുകൾ മണ്ഡരി, ശൽക്ക കീടങ്ങൾ ഇവയെ നിയന്ത്രിക്കുന്നതിന് ഇലയുടെ അടിയിൽ വീഴത്തക്കവിധത്തിൽ സ്പ്രെയറിന്റെ നോസിൽ വച്ച് ആദ്യ ദിവസം വേപ്പ് അധിഷ്ഠിത സംയുക്തങ്ങൾ സ്പ്രേ ചെയ്യുകയും പിറ്റേ ദിവസം വൈകുന്നേരം വെയിൽ ആറിയതിനുശേഷം വെർട്ടിസീലിയം 30 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന ക്രമത്തിൽ കലക്കിയതിന്റെ തെളി എടുത്ത് ഇലയുടെ അടിയിലും കൂമ്പിലും നന്നായി വീഴത്തക്കവിധം സ്പ്രേ ചെയ്യുക.



കാന്താരി പച്ചയായി വിളവെടുത്ത് അതുപോലെ തന്നെ മാർക്കറ്റിൽ വിപണനത്തിന് എത്തിക്കുന്നു. പച്ചയ്ക്ക് വിളവെടുക്കുന്നതിനെ ഫ്രീസ് ഡ്രൈയിങ് മുഖേന ഉണക്കിയും ആവി കയറ്റിയും ഉപ്പിലിട്ടും വിൽപന നടത്താറുണ്ട്. പഴുത്ത കാന്താരിമുളകിനെ വറ്റൽ മുളകുപോലെ തന്നെ ഉണക്കി കാന്താരി വറ്റൽ മുളക് ആയും വിൽക്കാൻ കഴിയും. വറ്റൽ കാന്താരി മുളകിന് നല്ല എരിവുണ്ടാകും, അതുകൊണ്ടു തന്നെ നല്ല എരിവുള്ള കറിക്ക് 4 എണ്ണം മതിയാകും.

വാണിജ്യ കാന്താരിമുളക് കൃഷിയിൽ സസ്യപോഷണത്തിന് 45 ദിവസത്തിലൊരിക്കൽ 3 മില്ലി നാനോയും 3 ഗ്രാം സൾഫേറ്റ് ഓഫ് പൊട്ടാഷും ഒരു ലീറ്റർ വെള്ളത്തിൽ എന്ന ക്രമത്തിൽ ചേർത്ത് സ്പ്രേ ചെയ്താൽ മതിയാകും. ഇത്തരം 4 ലീറ്റർ ലായനിയിൽ 1 മില്ലി നോൺ അയോണിക് അഡ്ജുവന്റ് കൂടി ചേർത്ത് സ്പ്രേ ചെയ്താൽ മാത്രമേ ഇലകളിൽ ഇവ പടരുകയും ഇലകൾ വഴി ആഗിരണം നന്നായി നടക്കുകയും ഉള്ളൂ. അല്ലാത്ത പക്ഷം ഇവ ചെറിയ തുള്ളികളായി ഇലകളിൽ ഇരിക്കുകയും ചെറിയ ഒരു അനക്കം വന്നാൽ ഉടൻ ഇലയിൽനിന്ന് താഴേക്ക് പതിക്കുന്നതിനുള്ള സാധ്യതയും കൂടുതലാണ്.

# കീഴാർനെല്ലി നിറയെ ഔഷധഗുണമുള്ള ലഘുസസ്യം

പുരയിടങ്ങളിലും വഴിയോരങ്ങളിലുമെല്ലാം ധാരാളമായി കണ്ടുവരുന്ന കീഴാർനെല്ലി എന്ന ചെറുസസ്യം കരൾരോഗങ്ങൾക്കു ഫലപ്രദമായ മരുന്നുചെടിയാണ്. മഞ്ഞ കലർന്ന പച്ചനിറത്തിലുള്ള പൂക്കളോടുകൂടി, നെല്ലിക്കയുടെ ആകൃതിയിൽ വളരെച്ചെറിയ ഫലങ്ങളുണ്ടാകുന്ന ലഘു സസ്യമാണിത്. ആയുർവേദ ഗ്രന്ഥങ്ങളിൽ ശ്വാസകോശം, കരൾ എന്നിവയുടെ രോഗചികിത്സയിലാണ് ഈ ഔഷധിയെക്കുറിച്ച് പ്രധാനമായും പ്രതിപാദിക്കുന്നത്. സിദ്ധവൈദ്യത്തിൽ മഞ്ഞപ്പിത്ത ചികിത്സയ്ക്കു നൂറ്റാണ്ടുകളായി കിഴാർനെല്ലി ഉപയോഗിക്കുന്നുണ്ട്. ഭൂമിയാമലകി, താമലകി, ഭൂധാത്രി, കിഴുകൈനെല്ലി, നില ഉശിരിക, നെല ഉശ്രീരി എന്നിങ്ങനെ പല ഭാഷകളിൽ പല പേരുകളിലറിയപ്പെടുന്നു. നെല്ലിയുടേതുപോലെ ഇലകളും ഇലകളുടെ അടിവശത്തു ചെറിയ നെല്ലിക്കപോലുള്ള കായ്കളും കാണപ്പെടുന്നതുകൊണ്ടാകാം കിഴാർനെല്ലി എന്ന പേരു വന്നത്.



വയറുവേദന, ദഹനമില്ലായ്മ, കരൾ/പ്ലീഹ വീക്കം, രക്തസ്രാവം, കഫം, രക്തക്കുറവ്, ചുട്ടുനീറ്റൽ, കൺപുകച്ചിൽ, അരുചി, ദഹനക്കുറവ്, അമിതദാഹം, ത്വഗ്രോഗങ്ങൾ, ശ്വാസംമുട്ടൽ, ചുമ, പ്രമേഹം, രക്തപിത്തം, കരൾരോഗങ്ങൾ, മൂത്രമാർഗരോഗങ്ങൾ, വ്രണങ്ങൾ എന്നിവയൊക്കെ സുഖപ്പെ ടുത്താൻ കീഴാർനെല്ലി ചേർന്ന ഔഷധങ്ങൾ ഫലപ്രദം. സമൂലമായോ വേരുമാത്രമായോ കീഴാർ നെല്ലി ഉപയോഗിക്കുന്നു. അതേസമയം, കരൾരോഗങ്ങൾക്കും മറ്റും സ്വയം ചെയ്യാതെ വൈദ്യ സഹായത്തോടെ വേണം ചികിത്സയെന്ന് ഓർമിപ്പിക്കട്ടെ. കീഴാർനെല്ലി സമൂലം ഇടിച്ചുപിഴിഞ്ഞ നീര്, അതല്ലെങ്കിൽ അരച്ചെടുത്തത് തിളച്ച പാലിൽ കലക്കി കാലത്തും വൈകിട്ടും വെറുംവയറ്റിൽ സേവിക്കുന്നത് മഞ്ഞപ്പിത്തം, മറ്റു കരൾരോഗങ്ങൾ, പ്ലീഹാ രോഗങ്ങൾ എന്നിവ ശമിക്കാൻ സഹായിക്കും.

അതുതന്നെ മോരിൽ ചേർത്തു നൽകുന്നത് പഴകിയ അതിസാരം, ആമാതിസാരം, രക്താതിസാരം, കരൾരോഗങ്ങൾ എന്നിവ ശമിക്കാനും നല്ലതാണ്. മഞ്ഞപ്പിത്തമുള്ളപ്പോൾ 10 ഗ്രാം കീഴാർനെല്ലി വേര് അരച്ച് പാലിൽ കലക്കി 2 നേരം വീതം മൂന്നോ നാലോ ദിവസം സേവിക്കുന്നത് രോഗശമനം നൽകും. 20 ഗ്രാം കിഴാർനെല്ലിയും 20 ഗ്രാം കുരുമുളകും ഉണക്കിപ്പൊടിച്ച് യുക്തമായ മാത്രയിൽ ഒരാഴ്ചക്കാലം സേവിക്കുന്നത് പ്രമേഹരോഗം ശമിപ്പിക്കുമെന്നും ആയുർവേദം പറയുന്നു. ആർത്തവരക്തം നിലയ്ക്കാതെ പോകുന്ന സ്ഥിതിയുണ്ടെങ്കിൽ കീഴാർനെല്ലി സമൂലം അരച്ചെടുത്ത കൽക്കം 3 മുതൽ 6 മില്ലി വരെ അരിക്കാടിയിൽ കലക്കി ദിവസം രണ്ടുനേരം കഴിക്കുന്നത് ഫലം നൽകും. നേത്രരോഗത്തിന്റെ ഭാഗമായ നീരും വീക്കവും കുറയാൻ കീഴാർനെല്ലി ഇന്ദുപ്പ് ചേർത്തരച്ചു കുറച്ചുനേരം ചെമ്പുപാത്രത്തിലിട്ടുവച്ചശേഷം കണ്ണിൽ തേക്കുക.

കീഴാർനെല്ലിയുടെ ഇളംതണ്ട് വിധിപ്രകാരം കഷായംവച്ച് യുക്തമായ അളവിൽ സേവിക്കുന്നത് അതിസാരത്തിനും ശോധനയ്ക്കൊപ്പം കഫം ഇളകിപ്പോകുന്നതിനും ഫലപ്രദമാണ്. മലേറിയ സുഖപ്പെടാനായി കീഴാർനെല്ലി സമൂലം വിധിപ്രകാരം കഷായംവച്ച് യുക്തമായ മാത്ര നൽകാറുണ്ട്. ഇതേ കഷായം സേവിക്കുന്നത് മൂത്രച്ചൂട് ഉൾപ്പെടെ മൂത്രമാർഗരോഗങ്ങൾ ശമിക്കാനും പ്രയോജനപ്പെടുന്നു.

ച്യവനപ്രാശം, കണ്ടകാരിഘൃതം, അമൃതപ്രാശഘൃതം, ചെമ്പരുത്ത്യാദി കേരതൈലം, മധുയഷ്ട്യാദിതൈലം, പിപ്പല്യാദിഘൃതം, അഭ്രഭസ്മം, ശ്വേതഗുഞ്ജാദി ഗുളിക, വസന്തകുസുമാകരരസം, ബൃഹത് കസ്തുരിഭൈരവരസം ഗുളിക, ബൃഹത് വാതചിന്താമണിരസം ഗുളിക, ലിവോക്കോട് ടാബ്!ലറ്റ് തുടങ്ങി ഒട്ടേറെ ആയുർവേദ മരുന്നുകളിൽ കീഴാർനെല്ലി ഒരു പ്രധാന ചേരുവയാണ്. ഒരു ദിവസം കഴിക്കാവുന്ന പരമാവധി അളവ്: ഉണക്കിപ്പൊടിച്ചത് 3 മുതൽ 5 ഗ്രാം വരെ, സമൂലം അരച്ചെടുത്തത് 5 മുതൽ 10 ഗ്രാം വരെ. ഇടിച്ചുപിഴിഞ്ഞ നീര് 10 മുതൽ 20 മില്ലി വരെ.



# കോട്ടയം നഗരത്തെ മാറ്റാൻ മാസ്റ്റർപ്ലാനുമായി നഗരസഭ; 5 വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കും

**കോട്ടയം:** നഗരത്തെ അടിമുടിമാറ്റാൻ മാസ്റ്റർപ്ലാനുമായി നഗരസഭ. നെഹ്റു സ്റ്റേഡിയം നവീകരണം, തിരുനക്കര ബസ് സ്റ്റാൻഡ് പുനർവികസനം, നാഗമ്പടം സ്റ്റാൻഡ് കോംപ്ലക്സ്, മുനിസിപ്പൽ ഓഫിസ് മന്ദിരം, കച്ചേരിക്കടവ് ടൂറിസം ഹബ് നവീകരിക്കൽ തുടങ്ങിയ പദ്ധതികൾക്കാണ് പ്രാഥമികരൂപം നൽകിയത്. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനുമായി പദ്ധതികളെക്കുറിച്ച് ആലോചന നടത്തിയെന്ന് നഗരസഭാധ്യക്ഷൻ എം.പി.സന്തോഷ് കുമാർ പറഞ്ഞു. സ്റ്റിയറിങ് കമ്മിറ്റിയിൽ അവതരിപ്പിച്ച പദ്ധതികൾ 19നു കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യും.

നഗരവികസനത്തിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രഭവന നഗരകാര്യ മന്ത്രാലയം രൂപം നൽകിയ 'അർബൻ ചലഞ്ച് ഫണ്ട്' പദ്ധതിയുടെ ചുവടുപിടിച്ചാണ് പ്രൊജക്ടുകൾ. പദ്ധതിച്ചെലവിന്റെ 25% കേന്ദ്രം വഹിക്കും. രാജ്യമാകെ ഒരു ലക്ഷം കോടി രൂപയാണ് കേന്ദ്രം ഇതിനായി അനുവദിക്കുന്നത്. സർക്കാർ ഗ്രാന്റുകൾ, പൊതുസ്വകാര്യ പങ്കാളിത്തം, സിഎസ്ആർ ഫണ്ടുകൾ എന്നിവ വഴിയും പദ്ധതിത്തുക കണ്ടെത്താനാണ് നഗരസഭ നീക്കം.

5 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ശ്രമം. ഒന്നാംഘട്ടത്തിൽ നഗരത്തിൽ മൾട്ടിലെവൽ പാർക്കിങ് സൗകര്യം ഉൾപ്പെടെ 12 പദ്ധതികളും രണ്ടാംഘട്ടത്തിൽ വടവാതൂർ കൺവൻഷൻ സെന്റർ അടക്കം 10 പദ്ധതികളും മൂന്നാം ഘട്ടത്തിൽ താഴത്തങ്ങാടി പൈതൃക റോഡ് വികസനം ഉൾപ്പെടെ 10 പദ്ധതികളും പൂർത്തീകരിക്കും.



# ഓണം; പൂ വിപണി സജീവമായി

**കൊല്ലം:** ഓണത്തിന് ദിവസങ്ങൾ മാത്രം ശേഷിക്കേ സജീവമായി ജില്ലയിലെ പൂവിപണി. പ്രധാനമായും കൊല്ലം നഗരത്തിലെ ചിന്നക്കട പോലെയുള്ള പ്രധാന വിപണികളിലും പ്രാദേശിക പൂക്കടകളിലും ഇപ്പോഴേ വ്യാപാരികൾ വൻ തോതിൽ പൂക്കൾ എത്തിച്ച് വിൽപ്പന ആരംഭിച്ചിട്ടുണ്ട്. ചെണ്ടുമല്ലി (മഞ്ഞ, ഓറഞ്ച്), വാടാമല്ലി, ജമന്തി, അരളി, മുല്ലപ്പൂ, റോസ്, താമര എന്നിവയ്ക്കാണ് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ളത്.

സീസൺ ആരംഭിച്ചതോടെ പൂക്കളുടെ വില വർധിച്ചു തുടങ്ങിയിട്ടുണ്ട്. വരും ദിവസങ്ങളിൽ പൂക്കള മത്സരങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഓണാഘോഷങ്ങളും ആരംഭിക്കുന്നതോടെ ആവശ്യക്കാരും വിലയും ഇനിയും ഉയരാനാണ് സാധ്യത. തമിഴ്നാട്ടിൽ നിന്നുള്ള പൂക്കളുടെ വരവ് പൂർണമാകുന്നതിനൊപ്പം തിരുവോണം അടുത്തുവരുന്നതോടെ പൂക്കളുടെ ആവശ്യകത ഉയരും. ഇതോടെ വിലയിലും ഉയർച്ചയുണ്ടാകുമെന്ന് വ്യാപാരികൾ പറയുന്നു.

അന്യസംസ്ഥാന പൂക്കളെ മാത്രം ആശ്രയിക്കുന്നത് കുറയ്ക്കാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ ജില്ലയിലെ 100 ഏക്കറിലധികം സ്ഥലത്താണ് പൂക്കൃഷി (പ്രത്യേകിച്ച് ചെണ്ടുമല്ലി, വാടാമല്ലി, ജമന്തി) നടത്തിയിട്ടുള്ളത്. ഇവയുടെ വിളവെടുപ്പ് പൂർത്തിയായി പ്രാദേശിക വിപണിയിലേക്കും ഓണച്ചന്തകളിലേക്കും പൂക്കൾ എത്തിത്തുടങ്ങിയിട്ടുണ്ട്.

ജില്ലയിൽ തന്നെ 50 ഹെക്ടറിൽ ചെണ്ടുമല്ലി കൃഷി വിപുലീകരിച്ചിട്ടുണ്ട്. പൂക്കളുടെ ആവശ്യകത നിറവേറ്റാൻ കൃഷിവകുപ്പും മുന്നോട്ട് വന്നിട്ടുണ്ട്. തോവാള, മധുര, ഹൊസൂർ തുടങ്ങിയ കേന്ദ്രങ്ങളിൽനിന്ന് ദിവസേന ടൺ കണക്കിന് പൂക്കളാണ് കൊല്ലം ചിന്നക്കട, കൊട്ടാരക്കര, കരുനാഗപ്പള്ളി തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിലേക്ക് എത്തുന്നത്.

വിദ്യാലയങ്ങളിലും കോളജുകളിലും മറ്റ് സ്ഥാപനങ്ങളിലും ഓണാഘോഷ പരിപാടികൾ നേരത്തെ ആരംഭിച്ചതോടെയാണ് ജില്ലയിലെ പൂവിപണി മുൻകൂട്ടി സജീവമായത്.

ഓണം അടുക്കും മുമ്പേ പൂക്കൾക്ക് ആവശ്യക്കാർ ഏറിയത് വ്യാപാരികൾക്കും ആശ്വാസമായിട്ടുണ്ട്. വരും ദിവസങ്ങളിലും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഓഫീസുകളിലും പൂക്കള മത്സരങ്ങളും ആഘോഷങ്ങളും ആരംഭിക്കുന്നതോടെ വിപണിയിൽ ആവശ്യക്കാരും വർധിക്കുമെന്നാണ് വ്യാപാരികൾ വ്യക്തമാക്കുന്നത്.

ജില്ലയിലെ പ്രധാന വിപണികളായ കൊല്ലം നഗരം, കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ തുടങ്ങിയ ചന്തകളിലേക്കുള്ള പൂക്കൾ പ്രധാനമായും തമിഴ്നാട്ടിൽ നിന്നാണ് എത്തുന്നത്. മധുര, ശങ്കരൻകോവിൽ എന്നിവിടങ്ങളിൽ നിന്നാണ് മുല്ലപ്പൂവ് പ്രധാനമായി കൊല്ലത്തെത്തുന്നത്. ബന്ദിപ്പൂവും മറ്റ് അലങ്കാര പൂക്കളും തോവാള, തെങ്കാശി, ദിണ്ടിഗൽ, നിലക്കോട്ട, പഴനി എന്നിവിടങ്ങളിൽ നിന്നാണ് എത്തുന്നത്.

# ആലപ്പുഴ ജില്ല സപ്തതിയിലേക്ക്

**ചമ്പക്കുളം:** നമ്മുടെ ആലപ്പുഴക്ക് ഇത് സപ്തതി വർഷം. 1957 ഓഗസ്റ്റ് 17 ന് രൂപീകൃതമായ ജില്ല ഇന്നലെ 70ാം വയസിലേക്ക് കടന്നു. വൈവിധ്യങ്ങളുടെ പറുദീസയാണ് ആലപ്പുഴ.

ആലപ്പുഴയിൽ ആറ് താലൂക്കുകളിലായി 93 വില്ലേജുകളാണുള്ളത്. ഇരുപത്തഞ്ചു ലക്ഷത്തോളം ജനങ്ങൾ. ജനസാന്ദ്രതയിൽ മുന്നിലും ജനനനിരക്കിൽ ഏറ്റവും പിന്നിലും നില്ക്കുന്ന ജില്ല. ബ്രിട്ടീഷ് വൈസ്രോയി കഴ്സൺ പ്രഭു കിഴക്കിന്റെ വെനീസ് എന്ന് പേര് നല്കിയ കേരളത്തിലെ ഏറ്റവും ചെറിയ ജില്ല.

സമുദ്രനിരപ്പിനേക്കാൾ മൂന്നു മുതൽ ഒന്പത് അടിവരെ താഴ്ചയിൽ കൃഷി നടത്തുന്ന കുട്ടനാട് ഉൾപ്പെടുന്ന ജില്ല. രാജാക്കൻമാരുടെ പടയോട്ടത്തിന്റെ ചരിത്രങ്ങളും ക്ഷേത്ര ചരിത്രങ്ങളും കൊണ്ട് സമ്പന്നമായ നാട്.



കുത്തിയോട്ടത്തിന്റെ ഓണാട്ടുകര ഉൾപ്പെടുന്ന പ്രദേശം. കൊയ്ത്തുപാട്ടും ഞാറ്റടിപ്പാട്ടും ഈണമിടുന്ന നാട്. വിനോദ സഞ്ചാരികളുടെ പറുദീസയാണ് കുട്ടനാടും ആലപ്പുഴയും. കർഷക സമരങ്ങളും കർഷകപ്രസ്ഥാനങ്ങളും രൂപമെടുത്ത വിപ്ലവ സ്മരണ ഉയർത്തുന്ന പുന്നപ്രയും വയലാറും ഉൾപ്പെടുന്ന സമരഭൂമി.

16 നൂറ്റാണ്ടിലധികമായി ക്രൈസ്തവവിശ്വാസം വേരോടിയ, കുട്ടനാട്ടിലെ ഏറ്റവും പുരാതന ക്രൈസ്തവ ദേവാലയം (ചമ്പക്കുളം ) സ്ഥിതി ചെയ്യുന്ന സ്ഥലം. മതസൗഹാർദത്തിന്റെ മൂലക്കാഴ്ച ഒരുക്കുന്ന നാട്. പുഞ്ച നിലത്തിലും കരിനിലത്തിലും കനകം വിളയിക്കുന്ന കർഷകരുടെ നാട്. തോടുകളും നദികളും കായലുകളും നെൽവയലുകളും തെങ്ങിൽ തോപ്പുകളും നീണ്ട കടലോരവുമായി സുന്ദരിയാണ് ആലപ്പുഴ.

വാണിജ്യ പ്രമുഖനും തിരുവിതാംകൂർ കൊട്ടാരത്തിന്റെ അടുത്ത സുഹൃത്തുമായിരുന്ന തച്ചിൽ മാത്തുതരകൻ വ്യാപാരം നടത്തിയിരുന്നതും ഇവിടെയാണ്. കായലിന്റെ ആഴങ്ങളിൽ ചിറപിടിച്ച് കായൽ നിലങ്ങൾ കുത്തിയെടുത്ത പള്ളിത്താനം ലൂക്ക, മത്തായിമാരുടെയും മുരിക്കന്റെയും വിയർപ്പുവീണ നാടാണ് ആലപ്പുഴ.

ജൈനക്ഷേത്രവും ഗുജറാത്തി തെരുവും ഒരു കാലത്ത് ഇവിടെ എത്തിയിരുന്ന വടക്കേ ഇന്ത്യൻ വ്യാപാരികളുടെ ചരിത്രം പറയുന്നവയാണ്. മുല്ലയ്ക്കൽ, കിടങ്ങാംപറമ്പ് ക്ഷേത്രങ്ങളും അവിടത്തെ ചിറപ്പ് ഉത്സവവും ആലപ്പുഴയുടെ ഹൃദയത്തുടിപ്പുകളാണ്. അമ്പലപ്പുഴക്ഷേത്രവും കരുമാടികുട്ടനും എടത്വ പള്ളിയും കായംകുളം കൊട്ടാരവും ചരിത്രം തീർത്ത ആലപ്പുഴ.

പ്രാചീനകാലം മുതൽ ആലപ്പുഴയ്ക്ക് ഗ്രീസ്, റോം തുടങ്ങിയ പ്രദേശങ്ങളുമായി വ്യാപാര ബന്ധം നിലനിന്നിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. കടലിന്റെയും അതിലേക്ക് ഒഴുകിയെത്തുന്ന പരസ്പര ബന്ധായ നദികളുടെയും കനാലുകളുടെയുംനാട്. 20ാം നൂറ്റാണ്ടിൽ കൊച്ചി തുറമുഖം രൂപപ്പെടുന്നത് വരെ അറബിക്കടലിന്റെ തീരത്തെ പ്രധാന തുറമുഖമായിരുന്നു ആലപ്പുഴ.

കിഴക്കിന്റെ വെനീസ് എന്ന് വിളിക്കപ്പെടാൻ ഏറ്റവും യോഗ്യമായ നഗരം ആലപ്പുഴ തന്നെയെന്ന് ഈ നഗരത്തിലെ തോടുകളും പാലങ്ങളും സാക്ഷ്യപ്പെടുത്തുന്നു. കടലിന്റെയും കായലിന്റെയും സൗന്ദര്യത്തോടൊപ്പം വാടകനാൽ, കൊമേഴ്സ്യൽ കനാൽ, ചേർത്തല കനാൽ, എസി കനാൽ തുടങ്ങി നിരവധി കനാലുകളുടെ നാട്.

കല്ലുപാലം, ഇരുമ്പ് പാലം, കണ്ണൻ വർക്കിപാലം, ശവക്കോട്ട പാലം, കറുത്ത കാളി പാലം, തുണി പൊക്കി പാലം, മുപ്പാലം, ചുങ്കപ്പാലം തുടങ്ങിയ പാലങ്ങൾ ഈ നഗരത്തിന് മാറ്റ് കൂട്ടുമ്പോൾ പാലങ്ങൾ കൊണ്ട് ബന്ധിതമായ കായലുകളും പുഴകളും ആലപ്പുഴ ജില്ലയെ പരസ്പരം ബന്ധിപ്പിക്കുന്നു. മുൻപ് നാട്ടിലെ പാലങ്ങളെല്ലാം തടികൊണ്ട് നിർമിച്ചവയായിരുന്നു. എന്നാൽ, കാലക്രമേണ നൂതന സാങ്കേതിക വിദ്യയിലായി നിർമാണം.

സൊസൈറ്റി ടുഡേ
SOCIETY TODAY




# വിൻസ്മെര ജുവൽസ് ഫ്ളാഗ്ഷിപ്പ് ഷോറൂം മോഹൻലാൽ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** റീട്ടെയിൽ ജ്വല്ലറി രംഗത്ത് പുതിയ ഷോപ്പിംഗ് അനുഭവത്തിന് തുടക്കമിട്ട് വിൻസ്മെര ജുവൽസിന്റെ കൊച്ചിയിലെ ഫ്ളാഗ്ഷിപ്പ് ഷോറൂം പ്രവർത്തനമാരംഭിച്ചു. എം.ജി. റോഡിൽ ആരംഭിച്ച പുതിയ ഷോറൂം മോഹൻലാൽ ഉദ്ഘാടനം ചെയ്തു.

കോഴിക്കോട്ട് തുടക്കം കുറിച്ച് ഒരുവർഷത്തിനുള്ളിൽ ഇന്ത്യയിലും യു.എ.ഇയിലുമായി ആറ് ഷോറൂമുകളിലേക്ക് വളർന്ന വിൻസ്മെര ജുവൽസിന്റെ ഏഴാമത്തെ ഷോറൂമാണ് കൊച്ചിയിലേത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളും വിപുലമായ ആഭരണ ശേഖരവുമാണ് എം.ജി. റോഡിലെ പുതിയ ഷോറൂമിന്റെ പ്രധാന ആകർഷണം.

പാരമ്പര്യത്തിന്റെ തനിമ നിലനിർത്തുന്ന ആഭരണങ്ങൾ മുതൽ ആധുനിക ഡിസൈനുകൾ വരെ, ദൈനംദിന ഉപയോഗത്തിന് അനുയോജ്യമായ ആഭരണങ്ങൾ മുതൽ രാജകീയ പ്രൗഢിയാർന്ന ബ്രൈഡൽ കളക്ഷനുകൾ വരെ വൈവിധ്യമാർന്ന ശേഖരമാണ് കൊച്ചിയിലെ പുതിയ ഷോറൂമിൽ ഒരുക്കിയിരിക്കുന്നത്.

'പുതിയ ഫാഷൻ ട്രെൻഡുകൾക്ക് എന്നും വഴിയൊരുക്കുന്ന കൊച്ചിയുടെ സ്റ്റൈലിനും സ്പീഡിനും ഇണങ്ങുന്നൊരു ജ്വല്ലറി ഷോപ്പിംഗ് അനുഭവമാണ് വിൻസ്മെരയുടെ പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുള്ളത്. വിപുലമായ ആഭരണശേഖരവും ആധുനികമായ ഷോപ്പിംഗ് സൗകര്യങ്ങളും ഒരുമിക്കുന്ന ഈ ഷോറൂം, ആഭരണ പ്രേമികൾക്ക് പുതിയൊരു വിസ്മയം സമ്മാനിക്കുമെന്നതിൽ സംശയമില്ല.' ഷോറൂമിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് വിൻസ്മെരയുടെ ബ്രാൻഡ് അംബാസഡർ മോഹൻലാൽ അഭിപ്രായപ്പെട്ടു.

പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള വിൻസ്മെര ഗ്രൂപ്പ്, ഇന്ത്യയിലും യു.എ.ഇയിലുമായി ആയിരത്തിലധികം പ്രൊഫഷണലുകളുടെ കരുത്തിലാണ് റീട്ടെയിൽ രംഗത്ത് സാന്നിധ്യം ശക്തമാക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ജ്വല്ലറി ഷോപ്പിംഗ് അനുഭവം, വിപുലവും വൈവിധ്യവുമാർന്ന ആഭരണ ശേഖരം സുതാര്യമായ വിലനിർണയം എന്നിവയ്ക്കൊപ്പം ഉപഭോക്താക്കളുടെ ആവശ്യാനുസരണം ആഭരണങ്ങൾ രൂപകൽപ്പന ചെയ്ത് വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യവും വിൻസ്മെര ഒരുക്കിയിട്ടുണ്ട്.

കേരളത്തിലും രാജ്യാന്തര വിപണികളിലും സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിലും യു.എ.ഇയിലും പുതിയ ഷോറൂമുകൾ ആരംഭിക്കാനുള്ള ഒരുക്കത്തിലാണ് വിൻസ്മെര ജുവൽസ്. 2030ഓടെ 40 ഷോറൂമുകളിലേക്ക് വളരാനാണ് വിൻസ്മെര ലക്ഷ്യമിടുന്നത്. വിൻസ്മെര ഒരുക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ആഭരണ ഷോപ്പിംഗ് അനുഭവവും വൈവിധ്യമാർന്ന കളക്ഷനുകളും ഉപഭോക്തൃ സൗഹൃദ സേവനങ്ങളും കൂടുതൽ വിപണികളിലേക്ക് എത്തിക്കുകയാണ് ഈ വിപുലീകരണത്തിലൂടെ വിൻസ്മെര ലക്ഷ്യമിടുന്നത്.

വിൻസ്മെര ഗ്രൂപ്പ് ചെയർമാൻ ദിനേശ് കാമ്പ്രത്ത്, വൈസ് ചെയർമാൻ അനിൽ കാമ്പ്രത്ത്, മാനേജിംഗ് ഡയറക്ടർ മനോജ് കാമ്പ്രത്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ കൃഷ്ണൻ കാമ്പ്രത്ത്, ഡയറക്ടർ രാജേഷ് ഇല്ലത്ത് തുടങ്ങിയവരുടെ സാന്നിധ്യത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സാമൂഹിക, സാംസ്കാരിക, കലാ രംഗങ്ങളിലെ പ്രമുഖർ ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു.

# കേരളത്തിൽ ആദ്യമായി ഓണം മെനുവുമായി ടാറ്റാ സ്റ്റാർബക്സ്

**കൊച്ചി:** പരമ്പരാഗത കേരളീയ രുചികൾക്ക് പുതിയ മുഖം നൽകിക്കൊണ്ട് ടാറ്റ കൺസ്യൂമർ പ്രോഡക്ട്സിന്റെയും സ്റ്റാർബക്സിന്റെയും സംയുക്ത സംരംഭമായ ടാറ്റ സ്റ്റാർബക്സ് സംസ്ഥാനത്ത് ആദ്യമായി ഓണം പ്രമേയമാക്കിയ പ്രത്യേക മെനു അവതരിപ്പിച്ചു.



ഓഗസ്റ്റ് 26 വരെ കൊച്ചി, തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത ഒമ്പത് സ്റ്റാർബക്സ് സ്റ്റോറുകളിലാണ് ഈ ലിമിറ്റഡ് എഡിഷൻ ഓണം മെനു ലഭ്യമാകുന്നത്. കേരളത്തിന്റെ പാചക പാരമ്പര്യത്തിലെ പരിചിതമായ രുചികൾക്ക് സമകാലികമായ രൂപം നൽകുന്ന ഈ മെനുവിൽ നേന്ത്രപ്പഴം, ചക്ക, അവിയൽ, ഇഞ്ചിപ്പുളി, ശർക്കര തുടങ്ങിയ തനത് ചേരുവകളാണ് പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത്.

ഇതിന്റെ ഭാഗമായി മൂന്ന് പ്രധാന വിഭവങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സീസണൽ പച്ചക്കറികൾ ചേർത്ത അവിയലിനൊപ്പം മധുരവും പുളിയും കലർന്ന ഇഞ്ചിപ്പുളി സോസ് ചേർത്ത 'അവിയൽ ഇഞ്ചിപ്പുളി റാപ്പ്', കേരളശൈലിയിൽ വറുത്തെടുത്ത കോഴിയിറച്ചി പച്ചിലകൾക്കൊപ്പം പൊറോട്ടയിൽ പൊതിഞ്ഞ 'പൊരിച്ച കോഴി റാപ്പ്', കേരളീയ സുഗന്ധവ്യഞ്ജനങ്ങൾ ചേർത്ത് വറുത്തെടുത്ത കോഴിയിറച്ചി നിറച്ച 'നാടൻ കോഴി പഫ്' എന്നിവയാണ് പ്രധാന ഭക്ഷണവിഭവങ്ങൾ.

ഇതിനുപുറമെ, നേന്ത്രപ്പഴവും ശർക്കരയും ചക്കയും കൊണ്ടുള്ള മധുരപലഹാരങ്ങളും ഈ മെനുവിന്റെ പ്രത്യേകതയാണ്. നേന്ത്രപ്പഴം, നെയ്യ്, ശർക്കര എന്നിവ ചേർത്ത മിശ്രിതം പേസ്ട്രിയിൽ നിറച്ച 'നേന്ത്രപ്പഴം ശർക്കര തേങ്ങാ സ്ട്രൂഡൽ', പഴുത്ത നേന്ത്രപ്പഴവും ശർക്കരയും ചേർത്ത 'നേന്ത്രപ്പഴം ശർക്കര ലോഫ് കേക്ക്', സ്പോഞ്ച് കേക്കിനുള്ളിൽ ചക്ക ക്രീം നിറച്ച 'ചക്ക സ്വിസ് റോൾ' എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

പഴുത്ത ചക്കയുടെ സ്വാഭാവിക തേൻ മധുരവും കറുവപ്പട്ടയുടെ സുഗന്ധവും ചേർന്ന 'ചക്ക ഫ്ലാറ്റ് വൈറ്റ്', സ്റ്റാർബക്സിന്റെ സിഗ്നേച്ചർ കോൾഡ് ബ്രൂവിൽ ചക്കയുടെ രുചി ചേർത്ത 'ചക്ക കോൾഡ് ബ്രൂ' എന്നീ രണ്ട് പ്രത്യേക പാനീയങ്ങളും ഈ ഓണം മെനുവിന് മാറ്റുകൂട്ടുന്നു.

## സൈനികരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് കൈത്താങ്ങായി കെഡിഎമ്മിന്റെ 'ഭാരത് കാ ചാർജർ'

**കൊച്ചി:** ഇന്ത്യയുടെ 80ാം സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് മുൻനിര ലൈഫ് സ്റ്റൈൽ, മൊബൈൽ ആക്സസറീസ് ബ്രാൻഡായ കെഡിഎം 'ഭാരത് കാ ചാർജർ' പദ്ധതി പ്രഖ്യാപിച്ചു. രാജ്യത്തിന് കാവൽ നിൽക്കുന്ന സായുധ സേനാംഗങ്ങളെ ആദരിക്കുന്നതിനും അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് പിന്തുണ നൽകുന്നതിനുമായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. രാജ്യവ്യാപകമായുള്ള ഒരു ലക്ഷത്തിലധികം ഡീലർമാരിലൂടെയാണ് കെഡിഎം ഈ ദേശസ്നേഹ സംരംഭം നടപ്പിലാക്കുന്നത്.

ഈ പദ്ധതി പ്രകാരം വിൽക്കപ്പെടുന്ന ഓരോ ചാർജറിൽ നിന്നുമുള്ള വരുമാനത്തിന്റെ ഒരു വിഹിതം സൈനികരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി വിനിയോഗിക്കും. അതിർത്തികളിൽ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്ന സൈനികരോടുള്ള കൃതജ്ഞത പ്രകടിപ്പിക്കാനും, ദൈനംദിന വാങ്ങലുകളെ വലിയൊരു ദേശീയ ലക്ഷ്യവുമായി ബന്ധിപ്പിക്കാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് കെഡിഎം സ്ഥാപകൻ എൻ. ഡി. മാളി വ്യക്തമാക്കി.

'മേഡ് ഇൻ ഇന്ത്യ' വളർച്ചയ്ക്കൊപ്പം സമൂഹത്തിന് തിരികെ നൽകുക എന്ന ബ്രാൻഡിന്റെ പ്രതിബദ്ധതയാണ് 'ഭാരത് കാ ചാർജർ'. കെഡിഎമ്മിന്റെ 'ഹർ ഘർ കെഡിഎം' കാഴ്ചപ്പാടിനെ ശക്തിപ്പെടുത്തുന്നതോടൊപ്പം, ബിസിനസ് വളർച്ചയെ സാമൂഹിക ഉത്തരവാദിത്തവുമായും 'വികസിത് ഭാരത് 2047' ലക്ഷ്യവുമായും കൂട്ടിയിണക്കാൻ ഈ മുന്നേറ്റത്തിലൂടെ സാധിക്കുന്നു.

## 12,300 കോടി രൂപയിലധികം ആസ്തിയുമായി യുടിഐ മിഡ് ക്യാപ് ഫണ്ട്

**കൊച്ചി:** ഇടത്തരം കമ്പനികളിൽ പ്രധാനമായും നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി സ്കീമായ യുടിഐ മിഡ് ക്യാപ് ഫണ്ടിന്റെ ആകെ ആസ്തി 2026 ജൂലൈ 31ലെ കണക്കുകൾ പ്രകാരം 12,300 കോടി രൂപ കടന്നു. അതിവേഗം വളരുന്ന ചെറുകിട കമ്പനികൾക്കും വൻകിട കമ്പനികൾക്കും ഇടയിലുള്ള മികച്ചൊരു നിക്ഷേപ അവസരമാണ് ഈ ഫണ്ടിലൂടെ നിക്ഷേപകർക്ക് ലഭിക്കുന്നത്.

2004 ഏപ്രിൽ 7നാണ് യുടിഐ മിഡ് ക്യാപ് ഫണ്ട് ആരംഭിച്ചത്. 2026 ജൂലായ് 31ലെ കണക്കനുസരിച്ച് ഫണ്ടിന്റെ 66 ശതമാനം നിക്ഷേപം മിഡ് ക്യാപ് കമ്പനികളിലും 21 ശതമാനം സ്മോൾ ക്യാപ് കമ്പനികളിലുമാണ് ഉള്ളത്. ബാക്കി തുക ലാർജ് ക്യാപ് കമ്പനികളിൽ നിക്ഷേപിച്ചിരിക്കുന്നു. വിവിധ മേഖലകളിലായി ഏകദേശം 81 ഓഹരികളാണ് ഈ ഫണ്ടിന്റെ വൈവിധ്യമാർന്ന പോർട്ട്ഫോളിയോയിലുള്ളത്.

മികച്ച ലാഭക്ഷമതയും, പണമൊഴുക്കും, ഉയർന്ന വളർച്ചാ സാധ്യതയുമുള്ള കമ്പനികളിലാണ് ഫണ്ട് പ്രധാനമായും നിക്ഷേപം നടത്തുന്നത്. വിപണിയിലെ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കാനും, നഷ്ടസാധ്യതയും ലാഭവും തമ്മിൽ കൃത്യമായ സന്തുലിതാവസ്ഥ നിലനിർത്താനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## അമർ ചിത്ര കഥയുമായി ചേർന്ന് നിക്ഷേപ ബോധവൽക്കരണ ചിത്രം പുറത്തിറക്കി സിഡിഎസ്എൽ

**കൊച്ചി:** സാമ്പത്തിക ആസൂത്രണത്തെക്കുറിച്ചും കൃത്യമായ നിക്ഷേപ രീതികളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിനായി സെൻട്രൽ ഡെപ്പോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡ് നിക്ഷേപക സംരക്ഷണ ഫണ്ട് (സിഡിഎസ്എൽ ഐപിഎഫ്) പുതിയ അനിമേഷൻ ചിത്രം പുറത്തിറക്കി. അമർ ചിത്ര കഥയുമായി ചേർന്നാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്.

ദി ഗാർഡൻ ഓഫ് പ്രോസ്പെരിറ്റി എന്ന് പേരിട്ടിരിക്കുന്ന ഈ ചിത്രത്തിൽ ജനപ്രിയ കഥാപാത്രങ്ങളായ അക്ബറും ബീർബലും ചേർന്ന് ഒരു നവദമ്പതികൾക്ക് തങ്ങളുടെ വിവാഹ സമ്മാനങ്ങൾ എങ്ങനെ ബുദ്ധിപൂർവ്വം നിക്ഷേപിക്കാമെന്നാണ് കാണിക്കുന്നത്. ഒരു തോട്ടം പരിപാലിക്കുന്നതുപോലെ കൃത്യമായ ലക്ഷ്യത്തോടെ വ്യത്യസ്ത മേഖലകളിലായി നിക്ഷേപം വൈവിധ്യവൽക്കരിക്കുക, കൃത്യമായ സമയപരിധി നിശ്ചയിക്കുക, അടിയന്തര ആവശ്യങ്ങൾക്കുള്ള പണം കരുതിവെക്കുക തുടങ്ങിയ സാമ്പത്തിക പാഠങ്ങളാണ് ഇതിൽ ലളിതമായി വിശദീകരിക്കുന്നത്.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, മറാത്തി, ബംഗാളി, ഗുജറാത്തി, പഞ്ചാബി, തമിഴ്, തെലുങ്ക്, കന്നഡ, ഒഡിയ, അസാമീസ് എന്നീ 12 ഭാഷകളിൽ ചിത്രം പുറത്തിറക്കിയത്. നേരത്തേയും അമർ ചിത്ര കഥയുമായി ചേർന്ന് ദി അൺഒഫീഷ്യൽ ഉസ്താദ്, ദി ഗോൾഡൻ പീക്കോക്ക് ഫ്രോഡ് തുടങ്ങിയ ബോധവൽക്കരണ കോമിക് സീരീസുകളും സി.ഡി.എസ്.എൽ ഐ.പി.എഫ് പുറത്തിറക്കിയിട്ടുണ്ട്.